LIBRARY ARCHIVES Kerala Legislative Assembly

സർവ്വേയർമാരുടെ നിയമനം

4 [3524] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെയർമാർ വേണ്ടത്ര ഇല്ലാതെ വരുന്നതുകൊണ്ട് താലൂക്കുകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വെയർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളത് എന്നു വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 68 ഒന്നാം ഗ്രേഡ് സർവ്വെയർമാരുടെയും 288 രണ്ടാം ഗ്രേഡ് സർവ്വെയർമാരുടെയും ഒഴിവുകളുണ്ട്.

(സി) രണ്ടാം ഗ്രേഡ് സർവ്വെയർ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഒന്നാം ഗ്രേഡ് സർവ്വെയർ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്താൻ നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറി കെട്ടിടത്തിന് ഭൂമി

5 [3525] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ലൈബ്രറികൾക്ക് കെട്ടിടം പണിയാൻ പൊതുസ്ഥലം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പൊതുസ്ഥലത്ത് പ്രവർത്തിക്കുന്ന ലൈബ്രറികളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറി കെട്ടിടത്തിനുവേണ്ടി ഭൂമി അനുവദിക്കാൻ ജില്ലാ ലൈബ്രറി സെക്രട്ടറിയുടെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 1. ജവഹർ പബ്ലിക് ലൈബ്രറി-കണ്ണൂർ.

2. മഹാത്മാ മന്ദിരം വായനശാല-കണ്ണൂർ (മഹാത്മാ മന്ദിരത്തിനു വേണ്ടി റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും പതിച്ചു കൊടുത്ത ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നു).

3. കുവപ്രം നാഷണൽ സ്പോർട്ട്സ് ക്ളബ് ആന്റ് ഗ്രന്ഥാലയം, ചെറുകുന്ന് വില്ലേജ്.